## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4765 — 18.12.2014-ൽ മറുപടിക്ക്

## ചേർത്തല മിനി സിവിൽ സ്റ്റേഷൻ ശുചിയാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ചേർത്തല മിനിസിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ; തിരക്കേറിയ ഈ ഓഫീസിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും യാതൊരു സംവിധാനവും ഇല്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇവിടം വൃത്തിഹീനമായി കിടക്കുന്നതിനാൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മിനി സിവിൽസ്റ്റേഷന്റെ സമഗ്രമായ ശുചീകരണത്തിനും ഓഫീസുകളുടെയും കോമ്പൗണ്ടിന്റെയും സംരക്ഷണത്തിനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കുമോ ;<br><br>(ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ രാത്രികാല ഡ്യൂട്ടിക്ക് ഒരു വാച്ച്മാനെ നിയമിക്കുമോ? | (എ) & (ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നചില ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരുണ്ടെങ്കിലും അവർ ബന്ധപ്പെട്ട ഓഫീസുകൾ മാത്രമാണ് വൃത്തിയാക്കുന്നത്. കെട്ടിടത്തിന്റെ പൊതുവായിട്ടുള്ള ഭാഗങ്ങളും പരിസര പ്രദേശങ്ങളും,ടോയ് ലറ്റ്, വാഷ്ബേസിൻ എന്നിവയും വൃത്തിയാക്കുന്നതിന് നിലവിൽ സ്ഥിരം സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല. മിനിസിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകളിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ചേർത്തല എം.എൽ.എയുടെയും നഗരസഭ ചെയർപേഴ്സന്റെയും നേതൃത്വത്തിൽ സിവിൽസ്റ്റേഷനിലെ ജീവനക്കാരെല്ലാം ചേർന്ന് ടി കെട്ടിടവും പരിസരവും വൃത്തിയാക്കിയിട്ടുള്ളതും തുടർന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വേസ്റ്റ്ബിൻ സ്ഥാപിച്ചിട്ടുള്ളതുമാണ്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും സുരക്ഷിതമാക്കുന്നതിനായി നൈറ്റ് വാച്ച്മാനെ നിയമിച്ച് സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ